# കേരള ഗവർണ്ണർ

# ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ

## 2023 ജനുവരി 23-ാം തീയതി

### കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമസഭാംഗങ്ങളേ:

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിലെ ജനപ്രതിനിധികളുടെ ഈ മഹനീയസഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. എന്റെ സർക്കാർ ഒരു ആധുനിക, വികസിത കേരളത്തിന്റെ (*നവകേരളം)* നിർമ്മിതി വിഭാവനം ചെയ്യുന്നു. നമ്മൾ തൊഴിൽമേഖലയിലേയ്ക്ക് കടന്നുവരുന്ന യുവജനങ്ങൾക്കുവേണ്ടി ഡിജിറ്റലും സാങ്കേതികവുമായ പുരോഗതി, ശാസ്ത്രബോധം, ഉല്പാദനത്തിന്റെ പുതിയതലങ്ങൾ, മാന്യമായ തൊഴിൽ സൃഷ്ടിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമൂഹത്തിലെ അർഹതപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും സാമൂഹ്യസുരക്ഷ പ്രദാനം ചെയ്യുന്നതിന് തുല്യഊന്നൽ നൽകുന്നതാണ്. സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിന്മേലുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒടുവിലത്തെ റിപ്പോർട്ട് (2023) പ്രകാരം, പാരിസ്ഥിതിക ഉത്കണ്ഠകളെ സംബോധന ചെയ്യുന്നതിലും വിപുലമായ സാമൂഹ്യസുരക്ഷ പ്രദാനം ചെയ്യുന്നതിലും, കേരളം താരതമ്യേന മെച്ചപ്പെട്ട ഒന്നാണ്. കേരളം സവിശേഷമായ സാമ്പത്തിക വളർച്ച കൈവരിച്ചു എന്ന് എടുത്തുപറയുന്നതിൽ [-സ്ഥിരവിലകളിൽ (constant prices) 12 ശതമാനവും നടപ്പുവിലകളിൽ (current prices)

17 ശതമാനവും-] എനിക്ക് സന്തോഷമുണ്ട്. വികേന്ദ്രീകൃതമായ തീരുമാനമെടുക്കൽ സംവിധാനത്തിലൂടെ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ കേരളം രാജ്യത്തെ ഒരു അഗ്രഗാമിയായ സംസ്ഥാനമാണ്. സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം കൈവരിക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ കഠിന യത്നങ്ങൾ ഭാരത സർക്കാരും പ്രശസ്ത അന്താരാഷ്ട്ര സ്ഥാപനങ്ങളും തുടർച്ചയായി അംഗീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന് നീതി ആയോഗ് മുൻനിരയിൽ സ്ഥിരമായി റാങ്ക് (സ്ഥാനം) നൽകുന്നുണ്ട്. മൊത്തത്തിൽ, പബ്ലിക് അഫയേഴ്സ് ഇൻഡക്സിലും കേരളം മുൻനിരയിലാണ്. മുതിർന്ന പൗരന്മാർക്ക് ശ്രദ്ധ നൽകുന്നതിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി ഭാരത സർക്കാരിന്റെ സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ വയോശ്രേഷ്ഠ സമ്മാൻ 2021 കേരളം കരസ്ഥമാക്കുകയുണ്ടായി. എന്റെ സർക്കാർ സേവനത്തിലിരിക്കുന്നവർക്കും വിരമിച്ചവർക്കും വേണ്ടി ഒരു സമഗ്ര മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) ആരംഭിച്ചിട്ടുണ്ട്. ഏകദേശം 30 ലക്ഷം അംഗങ്ങളെ ഉൾക്കൊള്ളുന്ന ഈ പദ്ധതി പ്രത്യേകതകളുള്ളതും സമാനതകളില്ലാത്തതുമാണ്.

3. എന്റെ സർക്കാർ അതീവ ദുർബലവിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസന അജണ്ടയുമായി ഊർജ്ജസ്വലമായി മുന്നോട്ട് പോകുന്നതാണ്. ഇത്

മനസ്സിൽ വച്ചുകൊണ്ടാണ് അതിദാരിദ്ര്യം തിരിച്ചറിയുന്നതിലേയ്ക്കായി എന്റെ സർക്കാർ 2022-ന്റെ തുടക്കത്തിൽ ഒരു സർവ്വേ നടത്തിയതും അതിൽ കേരളത്തിൽ 64,006 അതിദരിദ്ര കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയതും. സർവ്വേയിലെ കണ്ടെത്തലുകൾ, കേരളത്തിലെ ബഹുമുഖ ദാരിദ്ര്യം, രാജ്യത്തെ ഏറ്റവും കുറവായ 0.7% മാത്രമാണെന്ന് സൂചിപ്പിക്കുന്ന നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചികയിന്മേലുള്ള അടിസ്ഥാനതല റിപ്പോർട്ടിലെ (NITI Aayog Baseline Report on Multi-dimensional Poverty Index) കണ്ടെത്തലുകളോട് മൊത്തത്തിൽ യോജിക്കുന്നതുമാണ്. എന്റെ സർക്കാർ ഈ അതിദരിദ്രരെയും ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയും അവരുടെ ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നും അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധവും അതിനായി കുടുംബശ്രീയുമായും തദ്ദേശ സർക്കാരുകളുമായും സഹകരിച്ച് സൂക്ഷ്മ പദ്ധതികൾ ആവിഷ്കരിച്ചുവരികയുമാണ്.

4. നഗര-ഗ്രാമ മേഖലകളിലെ എല്ലാവർക്കും ഭൂമിയും വീടും എന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2016-ൽ ആരംഭിച്ച 'ലൈഫ് ' (LIFE) മിഷന്റെ (Livelihood Inclusion and Financial Empowerment Scheme) ആഭിമുഖ്യത്തിൽ 2023 ജനുവരി 15 വരെ 3,22,922 വീടുകളും നാല് ബഹുനില സമുച്ചയങ്ങളും പൂർത്തീകരിക്കുകയുണ്ടായി.

5. എന്റെ സർക്കാർ സംസ്ഥാനത്തെ ഭരണ നിർവ്വഹണം ജനകേന്ദ്രീകൃതവും സാങ്കേതികവിദ്യാ

പ്രചോദിതവും ഫലപ്രാപ്തിയുള്ളതുമായ ഡിജിറ്റൽ ഭരണ സംവിധാനമാക്കി പരിവർത്തനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളുമായി മുന്നോട്ടു കൊണ്ടുപോകുകയാണ്. എല്ലാ സർക്കാർ വകുപ്പുകളും പൊതുസ്ഥാപനങ്ങളും അവരുടെ പ്രവർത്തനങ്ങൾ ഇ-ഓഫീസ് ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ നിർവ്വഹിക്കുകയാണ്. 900-ലധികം സേവനങ്ങൾ ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം (ILGMS) പ്രാവർത്തികമാക്കിയിട്ടുണ്ട്. നഗര തദ്ദേശസ്ഥാപനങ്ങൾക്കായുള്ള കെ-സ്മാർട്ട് ആപ്ലിക്കേഷൻ, 2023 ഏപ്രിൽ 1-ഓടെ ആരംഭിക്കുന്നതാണ്. ഇത് നഗര തദ്ദേശസ്ഥാപനങ്ങളിലെ സേവനവിതരണം വിപ്ലവകര മാക്കുമെന്ന് സൂചിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പൗരസമ്പർക്കത്തോടെ തദ്ദേശ സർക്കാരുകളിലും അതുപോലെ എല്ലാ സർക്കാർ വകുപ്പുകളിലും അപേക്ഷകളുടെ പുരോഗതിയും സേവന വിതരണവും അറിയുന്നതിനുവേണ്ടി ഡാഷ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

6. തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുന്നതിന്, എന്റെ സർക്കാർ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സമ്പദ് വ്യവസ്ഥയിൽ 20 ലക്ഷം തൊഴിലുകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേരള നോളേജ് ഇക്കോണമി മിഷൻ എന്ന ബൃഹത്തായ പരിപാടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിൽ അവരുടെ യുവതയുടെ

തൊഴിൽക്ഷമതയുടെ അടിസ്ഥാനത്തിൽ ഇന്ത്യാ സ്കിൽസ് റിപ്പോർട്ട് 2022 കേരളത്തിന് മൂന്നാം റാങ്ക് നൽകുന്നു.

7. സംസ്ഥാനത്തെ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ എടുത്ത കൂട്ടായ പരിശ്രമങ്ങൾ ഫലം കണ്ടുതുടങ്ങിയെന്ന് സൂചിപ്പിക്കുന്നതിലും എനിക്ക് സന്തോഷമുണ്ട്. എന്റെ സർക്കാർ നിക്ഷേപാന്തരീക്ഷം ബിസിനസ് സൗഹൃദപരമായ ഒന്നാക്കി മാറ്റുന്നതിന് ധാരാളം നൂതന (path-breaking) സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. എം.എസ്.എം.ഇ.കൾക്കും നോൺ-എം.എസ്.എം.ഇ.കൾക്കുമുള്ള പരാതിപരിഹാര സംവിധാനം, കേന്ദ്രീകൃത പരിശോധനാ സംവിധാനം, സമയബന്ധിത ലൈസൻസ് അംഗീകരിക്കൽ സംവിധാനം എന്നിവ നിക്ഷേപം സുഗമമാക്കുന്നതിൽ വൻ കുതിപ്പിന് നമ്മെ പ്രാപ്തമാക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ഈ പുരോഗമനപരമായ സംരംഭങ്ങൾ ഹേതുവായി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' റാങ്കിംഗിൽ കേരളം അതിന്റെ സ്ഥാനം മെച്ചപ്പെടുത്തി. എന്റെ സർക്കാർ നിക്ഷേപ രംഗത്ത് പരിഷ്കരണങ്ങൾ കൊണ്ടുവരുന്നത് തുടരുകയും സംസ്ഥാനത്ത് നിക്ഷേപങ്ങൾക്കുള്ള അംഗീകാരങ്ങൾ സുഗമമാക്കുന്നതിനും ലഘൂകരിക്കുന്നതിനുമായി നിയമങ്ങളും ചട്ടങ്ങളും റഗുലേഷനുകളും ആധുനീകരിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യുന്നതാണ്.

8. കേരളത്തിലെ സ്ത്രീകളെ, സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും ശാക്തീകരിക്കുന്നതിൽ കുടുംബശ്രീമിഷൻ വഹിച്ച പങ്ക് പ്രത്യേകം

പരാമർശിക്കുന്നതിന് ഞാനാഗ്രഹിക്കുന്നു. 2023-ൽ കുടുംബശ്രീ അതിന്റെ രജത ജൂബിലി ആഘോഷിക്കുന്നു എന്നത് ചൂണ്ടിക്കാണിക്കുന്നതിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്.

9. ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്ന ഭരണഘടനാമൂല്യങ്ങളെ സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ ദേശീയ ഐക്യത്തിന്റെ സുപ്രധാന അടിസ്ഥാനങ്ങളും ഭരണ ഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗവുമായ ജനാധിപത്യം, മതനിരപേക്ഷത, ബഹുസ്വര മൂല്യങ്ങൾ, ഫെഡറലിസം എന്നിവ സംരക്ഷിക്കുന്നതിന് നാം പ്രത്യേകം പരിശ്രമിക്കേണ്ടതായിട്ടുണ്ട്. മതപരവും ഭാഷാപരവും മറ്റു മേഖലകളിലുമുള്ള ആധിപത്യ പ്രവണതകൾ രാജ്യത്തിന്റെ ഐക്യത്തെ ശക്തിപ്പെടുത്തുന്ന, നാനാത്വത്തെ മാനിക്കുന്ന കരുത്തുറ്റ ജനാധിപത്യ സംവിധാനത്തിന് തടസ്സം നിൽക്കുന്നു.

10. ശക്തമായ ഒരു രാഷ്ട്രത്തിന് ശക്തമായ ഒരു കേന്ദ്രവും ശാക്തീകരിക്കപ്പെട്ട സംസ്ഥാനങ്ങളും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന തദ്ദേശ സർക്കാരുകളും ഉണ്ടായിരിക്കണം. രാഷ്ട്രത്തിന്റെ രാഷ്ട്രീയഘടന ശക്തമാകാൻ അതിന്റെ ഓരോ ഘടകവും ശക്തമായിരിക്കേണ്ടതുണ്ട്. സാമൂഹ്യമേഖലകളിൽ സംസ്ഥാനങ്ങൾക്ക് ഭാരിച്ച ഉത്തരവാദിത്തങ്ങളുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി ശക്തമായിരിക്കേണ്ടതാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുവാനുള്ള

സമീപകാലത്തെ നടപടികൾ ആരോഗ്യ, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ മേഖലകളിലെ സംസ്ഥാനങ്ങളുടെ ഇടപെടൽ ശേഷിയെ പരിമിതപ്പെടുത്തുന്നു. സാമ്പത്തിക അച്ചടക്കം കൃത്യതയോടെ നടപ്പിലാക്കേണ്ടിവരുമ്പോഴും കേന്ദ്ര സർക്കാരിന് ബാധകമാക്കാത്ത മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ബാധകമാക്കരുത്.

11. നമ്മുടെ ഭരണഘടന യൂണിയനും സംസ്ഥാനങ്ങൾക്കും നിയമ നിർമ്മാണങ്ങൾക്ക് ഇടം നൽകിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം ഒരു സഹകരണ ഫെഡറൽ സംവിധാനത്തിന് ശുഭകരമല്ല. നമ്മുടെ ജനാധിപത്യത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന് ശരിയായ അർത്ഥത്തിലുള്ള അധികാര വികേന്ദ്രീകരണ നടപടികൾ സാധ്യമാക്കേണ്ടതുണ്ട്. നിയമനിർമ്മാണസഭകളിലൂടെ ജനഹിതം പ്രതിനിധീകരിക്കപ്പെടുന്നു. നിയമനിർമ്മാണത്തിന്റെ അന്ത:സത്തയും നിയമനിർമ്മാണ സഭകളുടെ ഉദ്ദേശ്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നിയമ നിർമ്മാണ സഭയുടെ ഉദ്ദേശ്യം, നിയമമായി പ്രാബല്യത്തിൽ വരണമെന്ന ഭരണഘടനാ മൂല്യം സംരക്ഷിക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതുപോലെ പത്രസ്വാതന്ത്ര്യം എന്നത് എല്ലാ ശക്തമായ ജനാധിപത്യ സമൂഹത്തിന്റെയും പ്രധാന സവിശേഷതയാണ്. സ്വതന്ത്രവും നീതിയുക്തവുമായ മാധ്യമപ്രവർത്തനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്. പലവിധത്തിൽ മാധ്യമ സ്വാതന്ത്ര്യം വെട്ടിച്ചുരുക്കുന്ന ചില സംഭവങ്ങൾ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ

ഉയർന്നുവരുന്നു. മാധ്യമ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ എന്റെ സർക്കാർ എപ്പോഴും പ്രതിജ്ഞാബദ്ധമാണ്. നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുവാൻ അധികാരമുള്ള ഏജൻസികൾ അവരിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രൊഫഷണലിസത്തിൽ നിന്ന് വ്യതിചലിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത് എന്നത് വിദൂരമായിപ്പോലും ഉണ്ടാകാൻ പാടില്ലായെന്നത് അടിവരയിട്ടുപറയയേണ്ടതാണ്.

**I. കൃഷിയും അനുബന്ധ മേഖലകളും**

12. ഉല്പാദനവർദ്ധനവിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ പരവും ജൈവികവുമായ സമ്മർദ്ദങ്ങൾക്കെതിരെ കേരളത്തിന്റെ കൃഷിയ്ക്ക് അതിജീവനശേഷി ഉണ്ടാക്കുന്ന തിനുമായി ഒരു ദൗത്യരീതി അവലംബിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എന്റെ സർക്കാരിന് ബോധ്യമുണ്ട്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാധ്യതകൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി, വിവിധ വകുപ്പുകളുടെ ഒരു സംരംഭം - വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ (VAAM) – എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

13. 2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ സംസ്ഥാനത്ത് കാർഷിക ബിസിനസ് പദ്ധതികളും അഗ്രോ-ഫുഡ് പാർക്കുകളും ത്വരിതപ്പെടുത്തുന്നതിനായി

കേരള അഗ്രി ബിസിനസ് കമ്പനി (KABCO) എന്ന ഒരു കമ്പനി ആരംഭിക്കുന്നുണ്ട്.

14. ആലുവയിലെ സ്റ്റേറ്റ് സീഡ് ഫാമിൽ നടപ്പാക്കിയതുപോലെ ജൈവ-സ്വാഭാവിക കൃഷിയിൽ 2023-24 കാലയളവിൽ കൂടുതൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. മതിയായ സംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൃഷിയോഗ്യമല്ലാത്ത ഭൂമി പുന:രുജ്ജീവിപ്പിക്കുന്നതിനും കൃഷിയോഗ്യമായ ഭൂമിയുടെ നഷ്ടം തടയുന്നതിനും കഴിയുന്ന കൃഷി സമ്പ്രദായങ്ങൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. 2023-24-ൽ തോട്ടം മേഖലയ്ക്ക് മതിയായ ഊന്നൽ നൽകുന്നതാണ്.

15. മൃഗസംരക്ഷണ വകുപ്പിന്റെ നിലവിലുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme) നവീകരിക്കപ്പെട്ട രീതിയിൽ നടപ്പിലാക്കുന്ന താണ്. ഗുണമേന്മയാർന്ന വാതിൽപ്പടി വെറ്ററിനറി സേവനങ്ങൾ കർഷകർക്ക് നൽകുന്നത് ശക്തിപ്പെടുത്തുന്നതിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്. കേരള പുനർനിർമ്മാണ സംരംഭത്തിന്റെ (Rebuild Kerala Initiative) ഭാഗമായി മെച്ചപ്പെട്ട രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങളോടുകൂടിയ സഞ്ചരിക്കുന്ന വെറ്ററിനറി സർജറി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

16. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള പ്രീമിയത്തോടു കൂടിയ സമഗ്ര ലൈവ്സ്റ്റോക്ക് ഇൻഷുറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി', വകുപ്പ് തുടരുന്നതാണ്.

17. ക്ലിനിക്കലായും മൃഗാരോഗ്യ മാനേജ്മെന്റ് രീതികൾ കൂട്ടുന്നതിനും ക്ഷീരവികസന വകുപ്പ് നടത്തിയ ഇടപെടലുകൾ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരളത്തെ സഹായിച്ചു. സംസ്ഥാനത്തെ നിലവിലെ കന്നുകാലി സമ്പത്തിൽ അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെയും കിടാരികളെയും വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

18. പാലിലും പാലുല്പന്നങ്ങളിലും കാലിത്തീറ്റയിലും അഫ്ലാടോക്സിന്റെയും ആന്റിബയോട്ടിക്കിന്റെയും സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനായി വകുപ്പ് സ്പെഷ്യൽ ക്വാളിറ്റി അഷ്വറൻസ് ഡ്രൈവ് നടപ്പാക്കുന്നതാണ്. കൂടാതെ 'സാക്ഷ്യപ്പെടുത്തിയ പാലി'നുള്ള (Certified milk) ഗുണനിലവാരം ഉറപ്പുവരുത്തൽ യജ്ഞവും പൂർത്തിയാക്കുന്നതാണ്.

19. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, ആ മേഖലയിലെ ക്രമക്കേടുകൾ തടയുക എന്നീ ഉദ്ദേശ്യങ്ങളോടെ സഹകരണ നിയമത്തിൽ സമഗ്രമായ ഭേദഗതി കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള കരട് ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്.

20. കേരള സഹകരണ സംരക്ഷണനിധി നടപ്പിൽ വരുമ്പോൾ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ സ്കീംലൈൻ ചെയ്യപ്പെടുകയും തകർച്ചയിലായ സഹകരണ സംഘങ്ങളെ പുന:രുജ്ജീവിപ്പിക്കുകയും ചെയ്യുന്നതാണ്.

സംസ്ഥാന സഹകരണ ബാങ്കിനുവേണ്ടി ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. അംഗപരിമിതർക്ക് ബിസിനസ് സംരംഭങ്ങൾ തുടങ്ങുന്ന തിനായി വായ്പ നൽകുന്നതിനുവേണ്ടി 'സഹകരണം സൗഹൃദം' നടപ്പിലാക്കിയിട്ടുണ്ട്.

21. എന്റെ സർക്കാരിന്റെ ഉയർന്ന മുൻഗണനാ മേഖലയായി മത്സ്യബന്ധനമേഖല തുടരുന്നതാണ്. ഇനങ്ങളുടെ വൈവിധ്യവത്കരണം, നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, പ്രദേശത്തിന്റെ വിപുലീകരണം എന്നിവയിലൂടെ വകുപ്പ് ജലക്യഷി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്ന താണ്. സംസ്ഥാനത്തെ 'മത്സ്യബന്ധന യാനങ്ങൾ' (Fishing fleet) മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ആധുനികവത്കരിക്കുക എന്നതാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റൊരു മേഖല.

22. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ എന്നത് സർക്കാരിന് ഏറെ ഉത്കണ്ഠയുള്ള ഒന്നാണ്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളി കളുടെ ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി വകുപ്പ് തുടരുന്നതാണ്. തീരശോഷണ പ്രവണത കൂടിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശ ജനതയ്ക്കും പുനരധിവാസത്തിനായി സുരക്ഷിതമായ വാസസ്ഥലം നൽകുന്നതിനുള്ള പദ്ധതികൾക്കും എന്റെ സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. 'പുനർഗേഹം'

ഫ്ലാഗ്ഷിപ്പ് പദ്ധതിയിലൂടെ 1473 വ്യക്തിഗത പാർപ്പിടങ്ങളും 390 ഫ്ലാറ്റുകളും പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

23. മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങളും മത്സ്യബന്ധന തുറമുഖങ്ങളും മത്സ്യമാർക്കറ്റുകളും ആധുനികവത്കരിക്കുന്നതിനുള്ള അതിന്റെ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുടരുന്നതാണ്. തിരുവനന്തപുരത്ത് മുട്ടത്തറയിലും കാസറഗോഡ് കൊയിലാടിയിലും മലപ്പുറത്തെ ഉണ്ണ്യാലിലും പൊന്നാനിയിലുമായി പുതിയ പദ്ധതികൾക്ക് കീഴിൽ 120.63 കോടി രൂപയ്ക്ക് 660 ഫ്ലാറ്റുകളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുക്കുന്നതാണ്.

**II. മാനവ വികസന മേഖലകൾ**

24. എന്റെ സർക്കാർ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം', 'വിദ്യാ കിരണം' എന്നീ പദ്ധതികളിലൂടെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. വിദ്യാർത്ഥികളിൽ സർഗ്ഗശേഷിയെ ഉത്തേജിപ്പിക്കുവാനും ശാസ്ത്രബോധം മനസ്സിലുറപ്പിക്കുന്നതിനുമായി നൂതന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 2022-23-ൽ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും മറ്റ് സിലബസിലെ സ്കൂളുകളിൽ നിന്നും കേരളത്തിലെ സർക്കാർ-സർക്കാർ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് 1,19,970 വിദ്യാർത്ഥികൾ മാറിവന്നിട്ടുള്ളതായി വകുപ്പുതല കണക്ക് കാണിക്കുന്നു.

ഇത് തീർച്ചയായും പൊതു വിദ്യാഭ്യാസ വകുപ്പും ഈ സ്ഥാപനങ്ങളിലെ ഉയർന്ന അടിസ്ഥാനസൗകര്യങ്ങളും നൽകുന്ന ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഒരു സാക്ഷ്യപ്പെടുത്തലാണ്.

25. അതുല്യവും സമൃദ്ധവുമായ കേരള സംസ്കാരത്തെ ഉയർത്തിക്കാട്ടി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കും. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പാഠ്യപദ്ധതി കൂടുതൽ നൈപുണ്യാടിസ്ഥാനത്തിലാക്കും. നൂതന പ്രോഗ്രാമുകളിലൂടെ ഇംഗ്ലീഷ് പഠനവും അദ്ധ്യാപനവും സ്ട്രീംലൈൻ ചെയ്യുവാൻ കൂടി സർക്കാർ ഉദ്ദേശിക്കുന്നു.

26. സംയോജിത വിദ്യാഭ്യാസം എന്ന വീക്ഷണം നഷ്ടപ്പെടാതെ സ്കൂളുകളിൽ ഒരു ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ വകുപ്പ് ശ്രമിക്കും. സ്കൂളുകളിൽ ഓട്ടിസം പാർക്കുകൾ നിർമ്മിക്കുവാനും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ധനസഹായം വർദ്ധിപ്പിക്കുവാനും വകുപ്പ് ഉദ്ദേശിക്കുന്നു.

27. എന്റെ സർക്കാരിന് മയക്കുമരുന്നിന്റെ ദുരുപയോഗം മൂലം ഉണ്ടാകുന്ന ഭീഷണിയെക്കുറിച്ച് വളരെയധികം ബോധ്യമുള്ളതും വിദ്യാർത്ഥികൾ മയക്കുമരുന്ന് കെണിയിൽ വീഴുന്നത് തടയുവാൻ വിവിധ വകുപ്പുകളുമായി സഹകരിച്ച് നിരവധി പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

28. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സെന്ററു കൾക്ക് ലഭിച്ച NAAC റാങ്കിംഗിൽ നിന്നും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായതായി കാണാൻ കഴിയും. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു ലക്ഷ്യസ്ഥാനമാക്കുവാൻ നിരവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നതാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. ഞങ്ങൾ ഈ ദിശയിലേയ്ക്ക് നടപടികൾ സ്വീകരിക്കുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യം, മതനിരപേക്ഷത, സംയോജിത സ്വഭാവം എന്നിവ നിലനിർത്തുവാനും സംരക്ഷിക്കുവാനും എന്റെ സർക്കാർ ശ്രദ്ധാലുവായിരിക്കുന്നതാണ്.

29. നൂതന വിജ്ഞാനത്തിന്റെ സൃഷ്ടിക്കലും വിവർത്തനവും സുഗമമാക്കുക വഴി സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമായി രൂപാന്തരപ്പെടുത്തുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നു. ഗവേഷണത്തിലും നൈപുണ്യ നിലവാരമുയർത്തലിലും പുതുക്കിയ കാഴ്ചപ്പാടോടെ പുതിയ വിജ്ഞാനശാഖകളിൽ ഈ വകുപ്പ് നൂതന അക്കാദമിക പ്രോഗ്രാമുകൾ തയ്യാറാക്കുന്നു.

30. വകുപ്പ് ഉന്നതവിദ്യാഭ്യാസ കോഴ്സുകളുടെ പാഠ്യപദ്ധതി നവീകരിക്കുന്ന, അതിന്റെ ശ്രമത്തിൽ ബിരുദ പ്രോഗ്രാമുകളുടെ പരിഷ്കരണത്തിന് വിഭാവനം ചെയ്യുന്നു. സ്റ്റേക്ക്ഹോൾഡറുമായുള്ള കൂടിയാലോചന കൾക്കുശേഷം കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ (KSHEC) ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപരേഖ ആവിഷ്കരിക്കും.

31. നിർദ്ദിഷ്ട കേരള ലാംഗ്വേജ് നെറ്റ് വർക്ക് (കെ.എൽ.എൻ), വിജ്ഞാനത്തിന്റെ ഒരു ഭാഷയായി മലയാളത്തെ വികസിപ്പിക്കാനുള്ള വിവിധ സംരംഭങ്ങൾ ഏറ്റെടുക്കും.

32. വ്യത്യസ്തമായ പ്രധാനപ്പെട്ട വിജ്ഞാനശാഖകളിൽ, നിലവാരമുള്ള ഗവേഷണം നടത്തുന്നതിനായി 77 ഉദ്യോഗാർത്ഥികൾക്ക് ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ (CMNPF) നൽകി.

33. ഇൻഡ്യയിലെ ഏറ്റവും കുറഞ്ഞ ശിശു-മാതൃ മരണ നിരക്കുകൾ, ഏറ്റവും കൂടിയ ആയുർദൈർഘ്യം, ഏറ്റവും മികച്ച ലിംഗാനുപാതം എന്നിവയോടെ ആരോഗ്യ മേഖലയിൽ കേരളം കാര്യമായ നേട്ടങ്ങളുണ്ടാക്കി. എന്റെ സർക്കാർ, ആർദ്രം മിഷൻ -2 ന്റെ ആഭിമുഖ്യത്തിൽ, സബ്സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആരോഗ്യരക്ഷാ സൗകര്യങ്ങളെയും ഒരേ നിലവാരത്തിലാക്കിക്കൊണ്ട് രോഗികൾക്ക്, ഗുണമേന്മയുള്ള ആരോഗ്യരക്ഷാ സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കിയും ഔട്ട് - ഓഫ് - പോക്കറ്റ് എക്സ്പെൻഡിച്ചർ കുറച്ചും ആരോഗ്യ സംവിധാനങ്ങളുടെ പുന:നിർമ്മാണം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. മതിയായ മരുന്ന് വിതരണത്തോടെയും ഉറപ്പായ ചികിത്സാ പ്രോട്ടോക്കോളോടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയത് പൊതുജനാരോഗ്യ സംവിധാനത്തിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട്.

34. നമ്മുടെ ജനങ്ങളിൽ പകർച്ചവ്യാധികളല്ലാത്ത രോഗങ്ങൾ വർദ്ധിച്ച സംഭവത്തെക്കുറിച്ച് എന്റെ സർക്കാരിന് ധാരണയുണ്ട്. രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ (ഓറൽ, ബ്രസ്റ്റ് ആന്റ് സെർവിക്കൽ) എന്നിവയുടെ മുൻകൂട്ടിയുള്ള രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി 30 വയസ്സിനു മുകളിൽ പ്രായമുള്ള പൗരന്മാരുടെ വാർഷിക സ്ക്രീനിംഗ് ആരോഗ്യ വകുപ്പ് നടത്തുന്നു. കാൻസർ ഗ്രിഡിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആരോഗ്യസൗകര്യങ്ങളും കാൻസർ കേന്ദ്രങ്ങളിലേയ്ക്ക് നല്കിയിട്ടുണ്ട്.

35. വകുപ്പ്, ആരോഗ്യപ്രദമായ ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാംപയിനുകൾ നടത്തുകയും ജന്തുജന്യ രോഗങ്ങൾക്കായി സാമൂഹിക നിരീക്ഷണം നടത്തുകയും ചെയ്യുന്നു. കൊല്ലം, കോട്ടയം എന്നീ ജില്ലകൾ, 2023-മാർച്ച് മാസത്തോടുകൂടി മന്തുരോഗ നിർമ്മാർജ്ജനം പ്രഖ്യാപിക്കുന്നതിന് തയ്യാറെടുത്തു കൊണ്ടിരിക്കുന്നു. 'വൺ ഹെൽത്ത് പ്രോജക്ടിന്റെ' ആദ്യ ഘട്ടം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

36. ആയുഷ് വകുപ്പ്, ആരോഗ്യരക്ഷ, ആരോഗ്യ-സൗഖ്യം എന്നിവയുടെ കരുതൽ, പ്രോത്സാഹനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ അതിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരും. ടൂറിസ്റ്റ് റിസോർട്ടുകളിൽ വെൽനെസ് ആപ്ലിക്കേഷൻസിനു വേണ്ടി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും നിലവാരവും വ്യവസ്ഥ ചെയ്യുന്ന

ആയുഷ് മെഡിക്കൽ വാല്യൂ ടൂറിസം സംബന്ധിച്ച ഒരു പദ്ധതിയുടെ രൂപരേഖ വകുപ്പ് തയ്യാറാക്കുന്നു.

37. എല്ലാ റേഷൻ കാർഡുകളും 100% ആധാറുമായി ബന്ധിപ്പിക്കുന്നത് പൂർത്തീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണ്. റേഷൻ കടകളുടെ വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി, വിവിധ ഉൽപന്നങ്ങൾ/ സേവനങ്ങൾ നൽകുന്നതിനായി കെ-സ്റ്റോർ പദ്ധതി ആരംഭിച്ചു.

38. 6,690 അന്ത്യോദയ അന്ന യോജന (AAY) കാർഡുകളും 2,64,762 മുൻഗണനാ കുടുംബ (PHH) കാർഡുകളും അർഹരായവർക്ക് നൽകിയിട്ടുണ്ട് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഗുരുതരമായ രോഗം, അവശത അല്ലെങ്കിൽ ഓട്ടിസം ബാധിച്ച കുട്ടികൾ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. തെരുവുകളിൽ ജീവിക്കുന്ന ആളുകൾക്കും ആവശ്യമായ സർട്ടിഫിക്കറ്റുകൾ കൈവശമില്ലാത്ത വാടകക്കാർക്കും ആധാറുമായി ബന്ധിപ്പിച്ച റേഷൻ കാർഡുകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചു.

39. സപ്ലൈകോ തയ്യാറാക്കിയ, തുണി സഞ്ചി ഉൾപ്പെടെ 14 അവശ്യസാധനങ്ങൾ അടങ്ങുന്ന 85,69,583 സൗജന്യ ഓണക്കിറ്റുകൾ റേഷൻ കടകൾ വഴി സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും വിതരണം ചെയ്തു എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സംസ്ഥാനത്ത് സാമ്പത്തിക പരിമിതികൾ ഉണ്ടായിട്ടും

ഇത് ചെയ്യു എന്നത് എന്റെ സർക്കാരിന്റെ ജനപക്ഷ സമീപനത്തെ കാണിക്കുന്നു.

40. തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, അത്യാധുനിക വൈറോളജി യിൽ ഏറ്റവും മികച്ച ഗവേഷണം നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവ വിഭവശേഷിയും ഒരുക്കിയിട്ടുണ്ട്.

## III . സാമൂഹ്യ മേഖല

41. സ്ത്രീകളുടെയും കുട്ടികളുടെയും മൊത്തത്തിലുള്ള ആരോഗ്യ-പോഷണ നിലവാരത്തിൽ വനിതാ ശിശുവികസന വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരും. ലിംഗസമത്വത്തിന്റെ മൂന്ന് തലങ്ങൾ അതായത്, തുല്യഅവസരം, തുല്യ ശബ്ദം, അക്രമത്തിൽ നിന്നും സ്വാതന്ത്ര്യം എന്നിവ കൈവരിക്കുന്നതിനായി വകുപ്പ് ഒരു ദീർഘകാല ക്യാംപയിന് പദ്ധതിയിടുന്നു.

42. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിംഗിന്റെ (NISH) സാങ്കേതിക സഹായത്തോടെ പ്രാദേശിക സർക്കാർ തലത്തിൽ കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്ററുകളും സംയോജിത പുനരധിവാസ വില്ലേജുകളും സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഒരു സമഗ്രപദ്ധതി തയ്യാറാക്കും.

43. വയോജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിന് എന്റെ സർക്കാർ ഒരു പദ്ധതിക്ക് രൂപം നൽകും. 'വാതിൽപടി സേവനം' - ന്റെ ആഭിമുഖ്യത്തിൽ കിടപ്പിലായവർക്കും അവശരായ മുതിർന്ന പൗരൻമാർക്കും അവരുടെ വീടുകളിൽ അടിയന്തര മരുന്നുകളുടെ വിതരണം, മെഡിക്കൽ സംഘങ്ങളുടെ ഭവന സന്ദർശനങ്ങൾ സംഘടിപ്പിക്കൽ, സാന്ത്വന പരിചരണം മുതലായവ പോലെയുള്ള വിവിധ സേവനങ്ങൾ നൽകിയിട്ടുണ്ട്.

44. പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണലുകൾക്കും ബിരുദധാരികളായ യുവാക്കൾക്കും ഇന്റേൺഷിപ്പും പ്ലേസ്മെന്റ് ട്രെയിനിംഗും നൽകുന്നതിനായി ഒരു 'ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് ' (TRACE) പ്രോഗ്രാമിന്റെ രൂപരേഖ പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കുന്നു.

45. പട്ടികജാതി കുടുംബങ്ങളുടെ വീടുകളുടെ സോളാർ വൈദ്യുതീകരണത്തിനായി ഒരു 'ഗ്രീൻ ഇൻകം' പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മിച്ചം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി-യ്ക്ക് വിൽക്കുന്നത് വഴി വരുമാനമുണ്ടാക്കുന്നതിന് ഇത് അവരെ പ്രാപ്തരാക്കും. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യവും പോഷണ നിലവാരവും രേഖപ്പെടുത്തുന്നതിന് ഹെൽത്ത് കാർഡുകൾ കൊണ്ടുവരുന്നതിന് വകുപ്പ് ആലോചിക്കുന്നു.

46. സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലും റോഡ്, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി എല്ലാ ആദിവാസി ഊരുകൾക്കുമായി മൈക്രോപ്ലാൻ തയ്യാറാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

47. അട്ടപ്പാടിയിൽ പ്രത്യേക മൊബൈൽ മെഡിക്കൽ ക്ലിനിക്ക് സജ്ജീകരിക്കുവാൻ നടപടി ആരംഭിച്ചു. ഇടമലക്കുടി പ്രത്യേക പാക്കേജ് വികസിപ്പിച്ചിട്ടുണ്ട്.

48. കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളുടെ തിരിച്ചറിയപ്പെട്ട വികസന വിടവുകൾ നികത്തുവാനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നിരവധി ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നു. പ്രത്യേകിച്ചും പുതിയതും ഉയർന്നുവരുന്നതു മായ മേഖലകളിലെ നിപുണരല്ലാത്ത യുവാക്കളെ നൈപുണ്യമുള്ളവരാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു കർമ്മ പദ്ധതിയുടെ രൂപരേഖ കൂടി വകുപ്പ് തയ്യാറാക്കുന്നു.

49. 1 മുതൽ 8 വരെ ക്ലാസുകളിലെ പിന്നോക്ക വിഭാഗത്തിലെയും ന്യൂനപക്ഷത്തിലെയും വിദ്യാർത്ഥി കൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ നിർത്തലാക്കിയ കേന്ദ്രസർക്കാരിന്റെ സമീപകാല തീരുമാനം എന്റെ സർക്കാർ അറിയുന്നു. ഈ തീരുമാനം പാർശ്വവൽക്കരിക്ക പ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കുറഞ്ഞ പ്രവേശനത്തിനും ഉയർന്ന കൊഴിഞ്ഞുപോക്കിനും പ്രേരകമായേക്കാം എന്ന് എന്റെ സർക്കാർ ആശങ്കപ്പെടുന്നു.

## IV. തദ്ദേശഭരണം

50. മഹാവിസ്ഫോടനമായി 1997-ൽ തുടക്കം കുറിക്കപ്പെട്ട വികേന്ദ്രീകരണ പ്രക്രിയയുടെ 25-ാം വർഷമായി 2022 അടയാളപ്പെടുത്തപ്പെട്ടു. ഫണ്ടുകളും ചുമതലകളും അധികാരസ്ഥാനങ്ങളും കൈമാറിനൽകിയതിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ പങ്കാളികളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വികസനചരിത്രത്തിൽ നിർവ്വഹിച്ച സുപ്രധാന പങ്ക് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

51. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ അഞ്ച് ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ ഏകീകരണം സംസ്ഥാന സർക്കാരിന്റെ ചരിത്രപരവും വിപ്ലവാത്മകവുമായ ഒരു നയതീരുമാനമാണ്. ഇത് സാധാരണക്കാരനു നൽകുന്ന സേവനത്തിന്റെ ഗുണമേന്മയും ഗതിവേഗവും മെച്ചപ്പെടുത്തും.

52. ദാരിദ്ര്യം അനുഭവിക്കുന്ന തൊഴിൽരഹിതരായ കുടുംബങ്ങൾക്ക് 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി'യുടെ പിന്തുണ തുടരുന്നതാണ്. പദ്ധതി, 2023 ജനുവരി 18 വരെ 7.24 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് 14.85 ലക്ഷം കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. 22266.96 കോടി രൂപ വേതനമായി നൽകിയിട്ടുണ്ട്. കേരളത്തിൽ

പദ്ധതിയിൻകീഴിൽ സ്ത്രീകൾ പ്രധാന തൊഴിൽശക്തിയായി തുടരുന്നു, നടപ്പുവർഷം സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങളിൽ 89.45% സ്ത്രീതൊഴിൽ ദിനങ്ങളാണ്. ആകെ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ഈ വർഷവും 10 കോടി തൊഴിൽദിനങ്ങൾ കടക്കും, തുടർച്ചയായ മൂന്നാം വർഷമാണ് 10 കോടിയിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നത്.

53. എന്റെ സർക്കാർ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 'ട്രൈബൽ പ്ലസ് ' പദ്ധതിയിൻകീഴിൽ 100 അധിക തൊഴിൽദിനങ്ങൾ ലഭ്യമാക്കി സംസ്ഥാനഫണ്ടിൽ നിന്നും വേതനം നൽകുന്നു. സംസ്ഥാന പിന്തുണയുള്ള പ്രത്യേക പദ്ധതിവഴി MNREGS-ലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ സൃഷ്ടിക്കുന്ന ഒരേയൊരു സംസ്ഥാനം കേരളമാണ് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

54. എന്റെ സർക്കാർ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് നൽകുന്ന ശക്തമായ പിന്തുണ തുടരുന്നതാണ്, നഗരതൊഴിലിനായി ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തും നടപ്പിലാക്കപ്പെട്ട അത്തരം പദ്ധതികളിൽ ആദ്യത്തേതാണിത്. 2022-23-ൽ പദ്ധതിയുടെ ബജറ്റ് വിഹിതം 125 കോടി രൂപയായി ഉയർത്തപ്പെട്ടു.

55. എന്റെ സർക്കാർ നഗരങ്ങളെ സുരക്ഷിതവും ദുരന്തങ്ങളെ അതിജീവിക്കുന്നതിനുമായി 'റിസ്ക് ഇൻഫോമ്ഡ് മാസ്റ്റർ പ്ലാനുകൾ' തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. 29 ഭൂപടങ്ങളെ അടിസ്ഥാനമാക്കി

ശാസ്ത്രീയമായാണ് അത്തരം പദ്ധതികൾ ചെങ്ങന്നൂർ, മാനന്തവാടി നഗരങ്ങളിൽ നടപ്പാക്കിയിട്ടുള്ളതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ പമ്പാതടത്തിലെ 10 നഗരങ്ങളിൽ ആരംഭിച്ചിട്ടുള്ളതും.

56. എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഹരിതകേരളം മിഷനും ശുചിത്വമിഷനും കെൽട്രോൺ മുഖാന്തിരം 'ഹരിതമിത്രം' ആപ്പ് വികസിപ്പിച്ചിട്ടുണ്ട്.

57. ജലാശയങ്ങൾ കോളിഫോം ബാക്ടീരിയയാൽ മലിനപ്പെടുന്നത് നമ്മൾ നേരിടുന്ന ഗുരുതരമായ പ്രശ്നമാണ്. സാഹചര്യം മെച്ചപ്പെടുത്താൻ എന്റെ സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ പദ്ധതികളിൽ നിന്നുള്ള വിഭവങ്ങൾ കണ്ടെത്തി ദ്രവമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കേരളം ഊർജ്ജിതമാക്കിയിട്ടുണ്ട്. ദ്രവമാലിന്യസംസ്കരണ പദ്ധതികൾക്കായി 2343.81 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ ദേശീയ ഹരിത ട്രൈബ്യൂണലിനെ അറിയിച്ചിട്ടുണ്ട്. NGT (National Green Tribunal) അതിന്റെ 2022 ഡിസംബർ 1-ന്റെ സിറ്റിംഗിൽ ദ്രവമാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധത അംഗീകരിച്ചുവെന്നതിലും കേരളത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതിന്റെ ആവശ്യമില്ല എന്ന് ഉത്തരവിട്ടതിലും എന്റെ സർക്കാരിന് അങ്ങേയറ്റം സംതൃപ്തിയുണ്ട്.

58. വ്യക്തികൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവരോട് സ്വമേധയാ ഭൂമി സംഭാവന നൽകാൻ അഭ്യർത്ഥിച്ച് ലൈഫ് മിഷൻ നടത്തിയ 'മനസ്സോടിത്തിരി മണ്ണ് ' ക്യാംപയിനിലൂടെ 2023 ജനുവരി 15 വരെ 23.62ഏക്കർ ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

59. കുടുംബശ്രീയെ അതിന്റെ രൂപീകരണത്തിന്റെ 25-ാം വാർഷികവേളയായ 2023 മേയിൽ ഒരു അന്താരാഷ്ട്ര സമ്മേളനത്തിൽ (International Conclave) പരിചയപ്പെടുത്തുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കുന്നതിനായി കുടുംബശ്രീ 'സുദൃഢം' ക്യാംപയിൻ നടത്തുകയും അതിനുശേഷം 69,590 പുതിയ അംഗങ്ങൾ ഈ ശൃംഖലയുടെ ഭാഗമായി ചേരുകയും ചെയ്തു.

60. തദ്ദേശസ്ഥാപനങ്ങൾ അവരുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നത് റാങ്ക് ചെയ്യുന്നതിനായി ഒരു വെബ്പോർട്ടൽ അടിസ്ഥാനമാക്കിയ ഡാഷ്ബോർഡ് 'പ്രാദേശിക സൂചിക ചട്ടക്കൂട് ' (Local Indicator Framework) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) വികസിപ്പിച്ചിട്ടുണ്ട്.

## V. വ്യവസായം, ഐ.ടി, തൊഴിലും വാണിജ്യവും

61. സംസ്ഥാനത്തെ ബിസിനസ് സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ എന്റെ സർക്കാർ നിരവധി പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കരുത്ത് പ്രയോജനപ്പെടുത്തുന്നതിനും ഉത്ഭവ/മുൻഗണനാമേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെയാണ് പുതിയ വ്യവസായനയം രൂപീകരിച്ചിട്ടുള്ളത്. നാലാം വ്യാവസായിക വിപ്ലവത്തിലെ ഭാവി തൊഴിലുകൾ, വ്യവസായങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവയ്ക്കായി യുവജനങ്ങളുടെ നൈപുണ്യനിലവാരം ഉയർത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

62. എന്റെ സർക്കാർ 2022-23 വർഷം 'സംരംഭങ്ങളുടെ വർഷ' മായി (Year of Enterprises) പ്രഖ്യാപിക്കുകയും 'ഒരു ലക്ഷം സംരംഭങ്ങൾ' (One Lakh Enterprises) എന്ന നൂതന അഭിമാന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. പദ്ധതിക്ക് തുടക്കം കുറിച്ചതുമുതൽ മൊത്തം 1,23,968 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSMEs) സംസ്ഥാനത്ത് തുടങ്ങിയിട്ടുള്ളതും, അതുവഴി 7517 കോടി രൂപയുടെ നിക്ഷേപങ്ങൾക്ക് വഴിയൊരുക്കിയിട്ടുള്ളതും, 2,67,196 തൊഴിലുകൾ സൃഷ്ടിക്കപ്പെട്ടുവെന്നതും ഒരു ചെറിയ നേട്ടമല്ല. MSME മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി ഭാരത സർക്കാർ ഈ പദ്ധതിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

63. അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി, ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ ആന്റ് ട്രേഡ് സിറ്റി, പെട്രോകെമിക്കൽ പാർക്ക്, സ്പൈസസ് പാർക്ക്, റബ്ബർ പാർക്ക് മുതലായവ സ്ഥാപിക്കുന്ന നടപടിയിലാണ്

എന്റെ സർക്കാർ. ഖനനസർവ്വെ നടപടികളിൽ കൂടുതൽ സുതാര്യത കൊണ്ടുവരുന്നതിനായി ഓട്ടോമേറ്റ് (automate) ചെയ്യുകയും, കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) ശക്തിപ്പെടുത്തുകയും ചെയ്യും.

64. 2021-2022-ൽ, 21 PSU കൾ പ്രവർത്തനലാഭം ഉണ്ടാക്കിയിട്ടുണ്ട് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അടച്ചുപൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡും (HNL), BHEL-EML-ഉം കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനസർക്കാർ ഏറ്റെടുക്കുകയും ഈ യൂണിറ്റുകൾ ഉൽപ്പാദനം പുനരാരംഭിച്ചിട്ടുള്ളതും ഇത് PSUകളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനം മുന്നോട്ടുവച്ച ബദൽ വ്യവസായ മാതൃകയുമാണ്.

65. 2023-24-ൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) പ്രവർത്തനക്ഷമമാകും.

66. കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ സമഗ്രമായ അവലോകനം നടത്തുന്നതിനുവേണ്ടി എന്റെ സർക്കാർ ഒരു വിദഗ്ധസമിതി രൂപീകരിച്ചിട്ടുണ്ട്.

67. കേരള സംസ്ഥാന ഐ.ടി മിഷൻ കൂടുതൽ സേവനങ്ങളും മോഡ്യൂളുകളും ഉൾപ്പെടുത്തി ഇ-ഡിസ്ട്രിക്റ്റ് ആപ്ലിക്കേഷൻ വേർഷൻ 2.0 പുറത്തിറക്കിയിട്ടുണ്ട്. ഡാറ്റാ അനലിറ്റിക്സ് (data analytics) വിപുലമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ കേരള

ആർക്കിടെക്ച്ചർ നടപ്പിലാക്കും. നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി ഡിജിലോക്കർ വഴി സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും നൽകുന്നതിന് സർവ്വകലാശാലകളെ പ്രാപ്തമാക്കും.

68. തെരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങളിൽ/നഗരങ്ങളിൽ കേരള സ്റ്റാർട്ട്അപ്പ് മിഷൻ ലോഞ്ച്പാഡുകൾ (launchpads) സജ്ജീകരിക്കുന്നതിനായി startup infinity-യും സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികവും വാണിജ്യപരവുമായ പിന്തുണക്കായി 'Kerala Start-up Commons' എന്നൊരു അതുല്യമായ വൺസ്റ്റോപ്പ് (one-stop) പ്ലാറ്റ്ഫോം നടപ്പിൽവരുത്തുകയും ചെയ്യും. സർക്കാർ ഐ.ടി. പാർക്കുകൾ കഴിഞ്ഞവർഷം 258 പുതിയ കമ്പനികൾ കൂട്ടിച്ചേർക്കുകയും 2993 കോടി രൂപയുടെ വരുമാന വളർച്ച രേഖപ്പെടുത്തുകയും ചെയ്തു. വ്യവസായ സംബന്ധമായി ലോകോത്തര വൈദഗ്ധ്യം നൽകുന്നതിനായി കമ്മ്യൂണിറ്റി സ്കിൽപാർക്ക് പ്രോജക്ട് (Community Skill Park Project) KSITILനടപ്പിലാക്കും.

69. ഡിജിറ്റൽ സർവ്വകലാശാല, ഗവേഷണത്തിനും സർവ്വകലാശാല സംബന്ധമായ കാര്യങ്ങൾക്കുമായി നാല് വിദേശ സർവ്വകലാശാലകളുമായി MoU-ൽ ഏർപ്പെട്ടിട്ടുണ്ട്. കേരള നോളജ് എക്കോണമി മിഷന്റെ ഭാഗമായി വീട്ടിലിരുന്ന് ചെയ്യാൻ സാധിക്കുന്ന തൊഴിൽ അന്വേഷിക്കുന്നവർക്കായുള്ള സർവ്വെ നടത്തുന്നതിനായി സമഗ്രമായ വെബ് ഡാഷ്ബോർഡോടുകൂടിയ വിപുലമായ

ഒരു മൊബൈൽ ആപ്പ് 'KKEM ജാലകം', സർവ്വകലാശാല വികസിപ്പിച്ച് പുറത്തിറക്കിയിട്ടുണ്ട്.

70. അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനാവശ്യമായ എല്ലാ ശ്രമങ്ങളും എന്റെ സർക്കാർ നടത്തിയിട്ടുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷനുവേണ്ടി "അതിഥി പോർട്ടൽ" പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളുടെ വിവിധ പ്രശ്നങ്ങളിന്മേലും തർക്കങ്ങളിന്മേലും പരാതികൾ രേഖപ്പെടുത്തുന്നതിനുവേണ്ടി ഒരു 'തൊഴിൽ സേവ ആപ്പ് ' വികസിപ്പിച്ചിട്ടുണ്ട്.

71. പരമ്പരാഗത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി പരിവർത്തനപ്പെടുത്തുന്ന പ്രവർത്തനത്തിലാണ് എംപ്ലോയ്മെന്റ് വകുപ്പ്.

72. പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പാർട്ട്-ടൈം ജോലി നൽകുന്ന 'കർമ്മചാരി' പദ്ധതിയും, തൊഴിലാളികളുടെ റീ-സ്കില്ലിംഗിനായി (re-skilling) ഒരു പദ്ധതിയും നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

73. കേരള ഡവലപ്പ്മെന്റ് ആന്റ് ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിലിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള കേരള നോളജ് ഇക്കോണമി മിഷൻ (KKEM) 53 ലക്ഷം സമർത്ഥരായ തൊഴിലന്വേഷകരെ കണ്ടെത്തിയിട്ടുണ്ട് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS)

11 ലക്ഷത്തിലധികം തൊഴിലന്വേഷകരും 2525 തൊഴിൽദായകരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശ സർക്കാർ തലത്തിൽ 'തൊഴിൽസഭ' യിലൂടെ പൊതുസമ്പർക്കത്തിന് തുടക്കമിട്ടിട്ടുള്ളതും 882 തൊഴിൽസഭകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

74. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനും നൂതന പ്രശ്നപരിഹാരം ലക്ഷ്യമാക്കിയും, ഒരു പ്രാദേശിക സർക്കാർ ഒരു ആശയം (OLOI) പരിപാടി 100 പ്രാദേശിക സർക്കാരുകളിൽ നടപ്പിൽ വരുത്തും.

**VI. അടിസ്ഥാന സൗകര്യം**

75. അടിസ്ഥാനസൗകര്യ മേഖലയ്ക്കായി അനുകൂല മായ ഒരു നയരൂപീകരണ സംവിധാനം ഉണ്ട് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ദേശീയപാത- 66 ന്റെ സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ സഹായവും എന്റെ സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്. പോട്ട്ഹോൾ ഫ്രീ കേരള (Pothole free kerala) പദ്ധതി നടപ്പിലാക്കി വരികയാണ്.

76. സമഗ്രമായ ഒരു രൂപകല്പനാ നയം പരിഗണനയിലാണ്. പൊതുമരാമത്ത് പാലങ്ങൾ ജനപ്രിയമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളെ ഹരിത-സുരക്ഷിത മാതൃകാ ഇടനാഴികളായി പൊതുമരാമത്ത് വകുപ്പ് മാറ്റും. നിർമ്മാണ മേഖലയിൽ

നൂതന സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിനും റബ്ബർ, കയർ, ജിയോടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക്, പ്രീഫാബ് സ്ട്രക്ച്ചറുകൾ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു.

77. തീരദേശ കപ്പൽ ഗതാഗതം സുഗമമാക്കുന്നതിന് പ്രധാന ചെറുകിട തുറമുഖങ്ങളിൽ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും കേരള മാരിടൈം ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ബേപ്പൂർ, കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിൽ ഘട്ടം ഘട്ടമായി ക്രൂയിസ് കപ്പൽ ഗതാഗത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കൂടി ബോർഡ് പദ്ധതിയിടുന്നു.

78. ജൽജീവൻമിഷന്റെ ആഭിമുഖ്യത്തിൽ 2023-24-ൽ 2023 ജനുവരി 15-ാം തീയതിയിൽ 15 ലക്ഷത്തിലേറെ ഗ്രാമീണ കുടുംബങ്ങൾക്ക് ജലവിഭവ വകുപ്പ് ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) നൽകിയിട്ടുണ്ട്.

79. നിലവിലെ പഴക്കം ചെന്ന മുല്ലപ്പെരിയാർ ഡാം ഉയർത്തുന്ന ഗുരുതര ഭീഷണികൾ പരിഗണിച്ചുകൊണ്ട് തമിഴ്നാടിന് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതോടൊപ്പം ഒരു പുതിയ ഡാം നിർമ്മിക്കേണ്ടത് ആവശ്യമാണെന്നതുമാണ് കേരളം സ്വീകരിച്ചിട്ടുള്ള ഒരു ഉറച്ച നിലപാട്. മുല്ലപ്പെരിയാർ പ്രദേശത്തെ പെരിയാർ നദീതീരം സംരക്ഷിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയും വിഭാവനം ചെയ്യുന്നതാണ്.

80. പാമ്പാർ ബേയ്സിനിൽ നിന്നുള്ള സംസ്ഥാനത്തിന്റെ ജലത്തിന്റെ വിഹിതം 3 ടിഎംസി ആണെന്നാണ് കാവേരി ജലതർക്ക പരിഹാര ട്രൈബ്യൂണൽ അവാർഡ് ചെയ്തിട്ടുള്ളത്. പട്ടാശ്ശേരി ഡാമിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാകുമ്പോൾ 0.075 ടിഎംസി ജലം കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയും.

81. പുതിയ തലമുറയ്ക്ക് ഡാമുകളെയും ജലസേചന സംവിധാനങ്ങളെയും സംബന്ധിച്ച് അറിവ് നൽകുന്നതിലേയ്ക്കായി ജലവിഭവ വകുപ്പ് ഇടുക്കിയിലെ ചെറുതോണിയിൽ ഒരു ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതും ദീർഘവീക്ഷണത്തോടെ ഇറിഗേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കൂടി നടപടികൾ സ്വീകരിക്കും.

82. മൂലമറ്റത്തെ വൈദ്യുതോത്പാദനവുമായി ബന്ധപ്പെട്ട്, മീനച്ചിൽ റിവർ വാലി ഇറിഗേഷൻ പ്രോജക്റ്റ് മുഖേന മീനച്ചിലാറിൽ തുടർച്ചയായി ജലമൊഴുക്ക് ഉറപ്പുവരുത്തുന്നതിനും ഒരു പദ്ധതിക്ക് വിഭാവനം ചെയ്യുന്നുണ്ട്. മൺസൂണിന്റെ മൂർദ്ധന്യ കാലയളവിൽ പാലായിലും താഴ്ന്ന പ്രദേശങ്ങളിലുമുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിന് സമഗ്രമായൊരു മീനച്ചിൽ വെള്ളപ്പൊക്ക ലഘൂകരണ സർവെ ഏറ്റെടുക്കും.

83. ജിയോട്യൂബുകൾ, ടെട്രാപോഡുകൾ, ഡയഫ്രം വാൾസ് മുതലായവ പോലുള്ള നൂതന സാങ്കേതിക

വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തീരശോഷണം നേരിടുന്ന ദുർബലമായ പ്രദേശങ്ങളെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്റെ സർക്കാർ തുടരും. കടലാക്രമണം നേരിടുന്ന 10 തീരപ്രദേശങ്ങളെ 'ഹോട്ട്സ്പോട്ട്'കളായി തിരിച്ചറിഞ്ഞിട്ടുണ്ട്.

84. പൊതുജനങ്ങൾക്കായി വേഗതയേറിയതും പരിസ്ഥിതിസൗഹൃദവും കാര്യക്ഷമവുമായ ഗതാഗത സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ശ്രദ്ധാലുവാണ്. യാത്രചെയ്യുന്ന പൊതുജനങ്ങൾക്കായി വേഗതയേറിയതും സുരക്ഷിതവും സൗകര്യപ്രദവുമായ ഗതാഗത മാർഗ്ഗമായിരിക്കും എന്റെ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ സിൽവർലൈൻ; ഒരു സെമി-ഹൈസ്പീഡ് റെയിൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്റ്റ്. വിശദമായ പദ്ധതി റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അന്തിമാനുമതിക്കായി റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

85. കൽപ്പറ്റ വഴിയുള്ള തലശ്ശേരി-മൈസൂർ പുതിയ ബ്രോഡ്ഗേജ് റെയിൽ ലൈൻ, നിലമ്പൂർ- നഞ്ചൻഗോഡ് റെയിൽ പദ്ധതി എന്നിവ എന്റെ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മറ്റു പദ്ധതികളാണ്. അങ്കമാലി-ശബരി റെയിൽ ലൈനിന്റെ 50% ചെലവ് കൂടി സംസ്ഥാന സർക്കാർ പങ്കിടാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്.

86. പൂർത്തിയാകുമ്പോൾ, തെക്ക് കോവളത്തെ വടക്ക് ബേക്കലുമായി ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാൽ

(WCC) സംസ്ഥാനത്തെ മുഖ്യ ജലപാതയായിരിക്കും. കനാൽ പൂർത്തിയാകുമ്പോൾ സാധനങ്ങളുടെയും ചരക്കിന്റെയും നീക്കം സുഗമമാകുന്നതിന് സഹായകര മാകുന്നതാണ്.

87. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) ഗുണനിലവാരമുള്ള ഊർജ്ജം തടസ്സരഹിതമായി താങ്ങാവുന്ന നിരക്കിൽ നൽകുന്നതിൽ പ്രതിജ്ഞാബദ്ധവും ഏറ്റവും കൂടുതൽ ആവശ്യമുള്ളപ്പോൾ ആഭ്യന്തര ഉത്പാദനം 30%-ൽ നിന്ന് 50% മായി വർദ്ധിപ്പിക്കുന്നതിലേക്ക് നിക്ഷേപം നടത്തിയിട്ടുള്ളതുമാണ്. വെള്ളപ്പൊക്ക നിയന്ത്രണ ഡാമുകൾക്കും വിവിധോദ്ദേശ ജലപദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനുമായി കേന്ദ്രധനസഹായം നേടിയെടുക്കുന്നതിനായി പരിശ്രമിക്കുന്നതാണ്. ഊർജ്ജ കേരള മിഷന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഇ.ബി.എൽ പുനരുപയോഗ ഊർജ്ജ ഉറവിടങ്ങളിൽ നിന്നും ഊർജ്ജം വിജയകരമായി ഉപയോഗിച്ചു വരുന്നുണ്ട്. നിലവിൽ നടന്നുവരുന്ന ട്രാൻസ്ഗ്രിഡ് 2.0, 400കെ.വി ട്രാൻസ്മിഷൻ ഇടനാഴി എന്നീ പദ്ധതികൾ പൂർത്തിയാകുമ്പോൾ കേരളത്തിന്റെ ഊർജ്ജോത്പാദന ശേഷി 5000 മെഗാവാട്ടാകുമെന്ന് അറിയുന്നതിൽ എനിക്ക് സന്തോഷ മുണ്ട്. ഇത് നമ്മുടെ അടുത്ത ദശാബ്ദത്തിലേയ്ക്കുള്ള ആഭ്യന്തര ഊർജ്ജ ആവശ്യത്തെ നേരിടുകയും മാത്രമല്ല അധിക ഊർജ്ജത്തെ കയറ്റുമതി ചെയ്യുന്നതിന് നമ്മെ പ്രാപ്തമാക്കുകയും ചെയ്യുന്നു.

88. സുസ്ഥിര ഊർജ്ജ ഉറവിടങ്ങൾ, അതായത്, ജലാശയങ്ങളിലെ ഫ്ലോട്ടിംഗ് സോളാർ പവർ പ്ലാന്റുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, ഫലഭ്രൂയിഷ്ഠമല്ലാത്ത തരിശുഭൂമി എന്നിവയുടെ സുസ്ഥിര വികസനത്തിനായി എന്റെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവരുന്നതാണ്. പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പവർ പ്ലാന്റുകളും വിന്റ് ഫാമുകളും നടപ്പിലാക്കുന്നതു വഴി 2025-ഓടെ 3000 മെഗാവാട്ട് പുനരുപയോഗ ഊർജ്ജം ഉത്പാദിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് ജില്ലയിൽ, ചീമേനി സോളാർ പാർക്കിൽ 100 മെഗാവാട്ട് അധിക ഉത്പാദനം നടത്തുന്നതാണ്.

89. വരും വർഷങ്ങളിൽ ഇമൊബിലിറ്റിയിൽ കേരളം ഒരു കുതിച്ചു ചാട്ടം പ്രതീക്ഷിക്കുന്നു. ആവശ്യാനുസരണം ലഭ്യമാകുന്നത് സാധ്യമാക്കുന്നതിന് ഇ വി ചാർജ്ജിംഗ് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ച് എന്റെ സർക്കാർ നടപടികൾ സ്വീകരിക്കും.

## VII. പ്രകൃതി വിഭവങ്ങൾ, വനവും വന്യജീവിയും പരിസ്ഥിതിയും ദുരന്ത നിവാരണവും

90. വിവിധ മേഖലകളിലെ ദുർബലത കണക്കിലെടുത്ത് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (SAPCC) പരിഷ്കരിച്ചു. പൗരാണികവും ഭാവിയിലേതുമായ കാലാവസ്ഥാ വിവരങ്ങളും അവയുടെ ദോഷഫലങ്ങളും അതിന്റെ ആഘാതവും ലഭ്യമാക്കുവാൻ ഉതകുന്ന ഒരു

'ക്ലൈമറ്റ് ചെയ്ഞ്ച് നോളജ് പോർട്ടൽ' വികസിപ്പിക്കുന്നതാണ്. വിവിധ മേഖലകളിലെ ഗ്രീൻ ഹൗസ് ഗ്യാസ് എമിഷനുകൾ തിട്ടപ്പെടുത്തുന്നതിന് എന്റെ സർക്കാർ പദ്ധതിയിടുന്നുണ്ട്. നെറ്റ് സീറോ എമിഷൻ ടാർഗറ്റുകൾ ഉയർത്തിക്കാട്ടി ഒരു ക്യാംപയിൻ ഹരിതകേരളം മിഷൻ ആരംഭിച്ചു.

91. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് സംസ്ഥാന ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജീസ് ആന്റ് ആക്ഷൻപ്ലാൻ 2022-23-ന്റെ തയ്യാറാക്കൽ പൂർത്തീകരിച്ചു. ഭൗമ-ജല ആവാസവ്യവസ്ഥയിൽ പരിസ്ഥിതിയുമായി പൊരുത്തപ്പെടാത്ത ജീവജാലങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു നയം വികസിപ്പിക്കുന്നതിനും ഇടപെടലുകളും തിരുത്തൽ നടപടികൾക്കും ആവശ്യമുള്ള മേഖലകളെ മുൻഗണന ചെയ്യുന്നതിനും പദ്ധതിയിടുന്നു.

92. മനുഷ്യരും-മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ പരിശോധിക്കുന്നതിനും ഇരകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും വനം വകുപ്പ് ഒരു ഫലപ്രദമായ തന്ത്രം ആവിഷ്കരിക്കുന്നതാണ്. ഉയർന്ന സംഘർഷ മേഖല പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം (RRTs) സ്ഥാപിച്ചിട്ടുണ്ട്. റാപ്പിഡ് റെസ്പോൺസ് ടീമുകളും ഫോറസ്റ്റ് സ്റ്റേഷനുകളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. സോളാർ ഫെൻസും സോളാർ ഹാംഗിംഗ് ഫെൻസും സ്ഥാപിക്കുന്നതും കൂടി ഏറ്റെടുക്കുവാൻ വകുപ്പ് പദ്ധതിയിടുന്നു.

93. കേരളത്തിൽ പ്രകൃത്യാലുള്ള 17 അപകട മേഖലകളും മനുഷ്യനിർമ്മിതമായ 22 അപകട മേഖലകളും ദുരന്തസാധ്യതയുള്ളവയാണ്. ദുരന്തനിവാരണ സാക്ഷരതാ പ്രോഗ്രാം ദുരന്തത്തെ നേരിടുന്നതിനും ലഘൂകരിക്കുന്നതിനും പൊതുജനത്തെ സജ്ജരാക്കും. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) ദീർഘകാല കാഴ്ചപ്പാടോടെ നൂതന അതിജീവന നിർമ്മാണ നടപടികൾ അവലംബിക്കുന്നതാണ്. ദേശീയതലത്തിൽ KSDMA 4-ാമത്തെ മികച്ച ദുരന്തനിവാരണ അതോറിറ്റിയായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

94. ഇന്ത്യയിൽ ആദ്യത്തെ ക്ലൗഡ് അടിസ്ഥാന മാക്കിയുള്ള സംയോജിത മുന്നറിയിപ്പ് സംവിധാനം കേരള വാണിംഗ്സ്, ഹസാർഡ്സ് ആന്റ് ക്രൈസിസ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം (KaWaCHaM) KSDMA വികസിപ്പിച്ചിട്ടുണ്ട്. കോർഡിനേറ്റഡ് റീജണൽ ക്ലൈമറ്റ് ഡൗൺസ്കേയിലിംഗ് എക്സ്പിരിമെന്റ് (CORDEX) ഉപയോഗപ്പെടുത്തി സാഹചര്യങ്ങളെ ലഘൂകരിക്കുന്നതിന് ശ്രമങ്ങൾ നടത്തും. ഇത് നഷ്ടസാധ്യതയറിഞ്ഞുകൊണ്ട് വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കും.

95. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് (KSLUB) സംസ്ഥാനത്തെ മുഴവൻ പ്രകൃതി വിഭവങ്ങളുടെ സ്ഥലസംബന്ധിയായ വിവരശേഖരണത്തിനായി ജിയോ - ഇൻഫർമാറ്റിക്സ് ലാബിനെ ശക്തിപ്പെടുത്തുന്നതും കൂടാതെ

നീർത്തടാധിഷ്ഠിത ആസൂത്രണത്തിന് ജി.ഐ.എസ്. സഹായം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

96. കേരള അതിജീവന പദ്ധതിയുടെ നടത്തിപ്പ് ആവിഷ്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും രൂപപ്പെടു ത്തുന്നതിനും വേണ്ടിയുള്ള ഒരു സംസ്ഥാനതല സ്ഥാപന സമ്പ്രദായമാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്. കൂടാതെ പങ്കാളിത്തത്തോടെയും സംയോജിത സമീപന ത്തിലൂടെയും കേരള പുനർനിർമ്മാണ വികസന പദ്ധതിയെ വികസിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സൗകര്യ പ്പെടുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അത് നിയുക്തവുമാണ്. 5410 കോടി രൂപ മുതൽ മുടക്കിലുള്ള പദ്ധതികൾ ഇതിനകം RKI-ൻ കീഴിൽ നൽകിയിട്ടുള്ളതും 2120 കോടി രൂപയുള്ള ചെലവ് പദ്ധതി നിർവ്വഹണ വകുപ്പുകൾ വഹിച്ചിട്ടുള്ളതുമാണ്.

## VIII. ധനകാര്യവും നികുതിയും എക്സൈസും

97. സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംരംഭങ്ങളുടെ ഭാഗമായി വസ്തു രജിസ്ട്രേഷൻ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വികസിച്ചുവരുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിലവിലുള്ള രജിസ്ട്രേഷൻ ആപ്ലിക്കേഷൻ സംവിധാനമായ പേൾ (PEARL) പുനർരൂപകൽപ്പന ചെയ്യുന്നതാണ്. ആധാരത്തിലെ കക്ഷികളെ തിരിച്ചറിയുന്നതിനായി സമ്മതപ്രകാരമുള്ള ആധാർ സംയോജനം നടപ്പിലാക്കുന്നതാണ്.

രജിസ്ട്രേഷന്റെ ആവശ്യത്തിലേയ്ക്കായി കെട്ടിടങ്ങളുടെ മൂല്യനിർണ്ണയത്തിന് ഒരു ഐ.റ്റി. സംവിധാനം നടപ്പിലാക്കുന്നതാണ്.

98. പുതിയ ജി.എസ്.ടി. നിയമത്തിന്റെ ആവശ്യകതകൾക്കനുസൃതമായി ജി.എസ്.ടി. വകുപ്പ് പുനഃക്രമീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് കർശനമായി നേരിടുന്നതോടൊപ്പം തന്നെ നികുതിദായകർക്കുള്ള സേവനങ്ങൾ പരമാവധി കാര്യക്ഷമതയോടെ നല്കുന്നതാണ്. പുതിയ സംവിധാനം നികുതിദായകരും വകുപ്പും തമ്മിലുള്ള തർക്കങ്ങൾ കുറയ്ക്കുന്നതാണ്. ഈ സംവിധാനം ഒരു സമഗ്ര ആഡിറ്റ് സജ്ജീകരണം കൂടി കൊണ്ടുവരുന്നതാണ്. കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്ന ജി.എസ്.ടി. നിയമവും ചട്ടങ്ങളും കൈകാര്യം ചെയ്യുന്നതിനും കൈമാറുന്ന ഡാറ്റയിൽ കൃത്യത ഉറപ്പാക്കുന്നതിനുമായി 2022 മാർച്ചിൽ ഇൻ-ഹൗസ് ഡെവലപ്പ്ഡ് ബാക്ക്-ഓഫീസ് സംവിധാനത്തിൽ നിന്ന് ജി.എസ്.ടി.എൻ. മോഡൽ 2 സംവിധാനത്തിലേയ്ക്ക് വകുപ്പ് മാറിയിട്ടുണ്ട്.

99. കൃത്യമായും യഥാസമയത്തും റിട്ടേണുകൾ ഫയൽ ചെയ്യുന്നത് അടിസ്ഥാനമാക്കി നികുതിദായകരുടെ റേറ്റിംഗോടെ ഒരു 'ടാക്സ് പേയർ കാർഡ്' (Tax Payer Card) വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതാണ്. ജി.എസ്.ടി. വകുപ്പിന്റെ ഇ-ഗവേണൻസ് പദ്ധതികളെ മുന്നോട്ടു കൊണ്ടുപോകുന്നതിനായി വകുപ്പിൽ ഒരു വെർച്വൽ ഐ.റ്റി. കേഡർ രൂപീകരിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾ

സാധനങ്ങൾ വാങ്ങുമ്പോൾ "ബില്ലുകൾ ചോദിച്ചു വാങ്ങുന്നത്" (Ask for Bills) പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സഹകരണത്തോടെ 'ലക്കി ബിൽ ആപ്പ് 'പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

100. കേരള ലോട്ടറി ഒരു ലക്ഷത്തിലധികം ഏജന്റുമാർക്ക് ഉപജീവനമാർഗ്ഗം നൽകി വരുന്നു. 2022-ൽ വകുപ്പ് എക്കാലത്തെയും ഉയർന്ന ഒന്നാം സമ്മാനമായ 25 കോടി രൂപയുടെ ഓണം ബംബർ ലോട്ടറി നടപ്പിലാക്കി.

101. മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നിവ മുഖേന സർക്കാരിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ആഭ്യന്തരവും ധനകാര്യ വിപണികളിൽ നിന്നുമുള്ള 19197 കോടി രൂപ വായ്പയും കൂടി ഉപയോഗപ്പെടുത്തി കേരള സംസ്ഥാന അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (KIIFB) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സംഭാവന നല്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി കിഫ്ബി മുഖേനയുള്ള ധനസഹായം കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിൽ നിർണ്ണായകമായിട്ടുണ്ട്. ബഹു: മുഖ്യമന്ത്രി അദ്ധ്യക്ഷനായ കിഫ്ബി 73,908 കോടി രൂപ അടങ്കലുള്ള 993 പദ്ധതികൾ (ഭൂമി ഏറ്റെടുക്കലിനുള്ള 20,000 കോടി രൂപ ഉൾപ്പെടെ) അംഗീകരിച്ചിട്ടുള്ളതും; 27,620 കോടി രൂപ മൂല്യം വരുന്ന 593 പദ്ധതികൾ ടെൻഡർ ചെയ്തിട്ടുള്ളതും

6201 കോടി രൂപ മൂല്യം വരുന്ന 120 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുള്ളതുമാണ് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

102. കിഫ്ബി എടുത്ത വായ്പകൾ കേരളത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാനുള്ള കേന്ദ്ര സർക്കാരിന്റെ പുതുക്കിയ തീരുമാനത്തിലൂടെ സംസ്ഥാനത്തിന്റെ കടമെടുപ്പുശേഷിയെ ഗണ്യമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. ഇത് സർക്കാരിന്റെ വികസന മുൻഗണനകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഫിസ്കൽ സ്പേസ് (Fiscal Space) കുറയ്ക്കുമെന്നും സംസ്ഥാനത്തിന്റെ വിഭവങ്ങൾ പരിമിതപ്പെടുത്തുമെന്നും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സർക്കാർ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ രാജ്യത്തെ ഫിസ്കൽ ഫെഡറലിസം എന്ന വിഷയത്തിൽ കേന്ദ്ര സർക്കാർ വളരെ അനുകൂലമായി ഇടപെടേണ്ടതുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

103. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (ടി.ഐ.ഡി.പി.) പ്രകാരം ട്രഷറി വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകിയിട്ടുള്ളതാണ്. സർക്കാർ വരുമാനം സ്വീകരിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനമായ eTR5 2022 ജൂൺ മുതൽ നടപ്പിലാക്കിയിട്ടുള്ളതാണ്.

104. രാജ്യത്തെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാന ധനകാര്യ കോർപ്പറേഷനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) തുടരുന്നു. കെ.എഫ്.സി.യുടെ എക്സ്റ്റേണൽ ക്രെഡിറ്റ് റേറ്റിംഗ് A+ ആണ്. 2022 മാർച്ച് അവസാനം വരെ 4751 കോടി രൂപയായിരുന്ന കെ.എഫ്.സി.യുടെ വായ്പാവ്യാപ്തി 2022 സെപ്റ്റംബർ 30-ഓടെ 6094 കോടി രൂപയായി വർദ്ധിച്ചിട്ടുള്ളതാണ്. വരുന്ന രണ്ട് വർഷത്തിനുള്ളിൽ, കെ.എഫ്.സി.യുടെ മൊത്തം വായ്പാവ്യാപ്തി 10,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

105. എന്റെ സർക്കാർ സമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിലും യുവാക്കളിലും, മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ദുരുപയോഗം ഇല്ലാതാക്കാൻ ഒരു കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് 'വിമുക്തി മിഷന്റെ' ആഭിമുഖ്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും കൂടി നടപ്പിലാക്കി വരുന്നുണ്ട്. സമൂഹത്തിൽ മയക്കുമരുന്ന് കൊണ്ടുള്ള വിപത്ത് തടയാൻ ആഭ്യന്തര വകുപ്പ് 'യോദ്ധാവ്' (Yodhav) ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ, 2022 ഒക്ടോബർ 2-ന് എല്ലാ സ്റ്റേക്ക്ഹോൾഡർമാരുടെയും എല്ലാ ലൈൻ ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് 'No to Drugs' എന്ന ഒരു പ്രചാരണ പരിപാടി ആരംഭിച്ചിട്ടുള്ളതാണ്.

## IX. റെഗുലേറ്ററി സെക്റ്ററുകൾ

106. എന്റെ സർക്കാർ ലാന്റ് സെറ്റിൽമെന്റ് ആക്റ്റ് എന്ന ഒരു നിയമമുണ്ടാക്കാൻ ഉദ്ദേശിക്കുന്നതും ഭൂമിയുടെ നിയമപ്രകാരമുള്ള കൈവശക്കാർക്ക് ഉടമസ്ഥാവകാശം സംബന്ധിച്ച പൂർണ്ണ അവകാശം ലഭിക്കുന്നതിന് സാദ്ധ്യമാക്കുന്ന വ്യവസ്ഥകൾ പരിഗണിക്കുന്നതുമാണ്. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവേയിലൂടെ ലഭിക്കുന്ന ആധികാരിക സർവെ രേഖകൾ പരിഗണിക്കുന്നതാണ്.

107. എന്റെ സർക്കാരിന്റെ കാലയളവിന്റെ ആദ്യവർഷത്തിൽ തന്നെ 54535 കുടുംബങ്ങൾ ഭൂവുടമകളായി മാറിയത് ഈ മഹനീയ സഭയുടെ ശ്രദ്ധയിൽപെടുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അർഹരായ എല്ലാവർക്കും പട്ടയം നല്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഒരു 'പട്ടയം മിഷൻ' നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് വിവിധ പദ്ധതികളി ലൂടെ പുനരധിവസിപ്പിച്ച ഭവനരഹിതർക്ക് ഉടമസ്ഥാ വകാശവും ഭൂമിയുടെ അവകാശവും നല്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. താലൂക്ക് ലാന്റ് ബോർഡുകളെ നാല് മേഖലകളായി തിരിച്ച് ഓരോ താലൂക്ക് ലാന്റ് ബോർഡിന്റെയും ചുമതല പ്രത്യേകമായി ഒരു ഡെപ്യൂട്ടി കളക്ടറെ ഏൽപ്പിക്കുന്നതാണ്.

108. എന്റെ സർക്കാർ ആധാർ അധിഷ്ഠിത യുണിക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്, ഇത്

ഇന്ത്യയിൽ തന്നെ ആദ്യത്തേതുമാണ്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ തണ്ടപ്പേരുകളും യുണിക്ക് തണ്ടപ്പേർ സംവിധാനത്തിന് കീഴിൽ വരുന്നതാണ്.

109. കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ ഇ-സാക്ഷരതാ പദ്ധതി ആരംഭിക്കുന്നതാണ്. അനധികൃത നിലം നികത്തലും മണൽ ഖനനവും ഭൂമി കൈയ്യേറ്റവും സംബന്ധിച്ചുള്ള പരാതികൾ ഫോട്ടോയും ജിയോ-ടാഗിംഗും സഹിതം പൊതുജനങ്ങൾക്ക് തൽസമയം അറിയിക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതാണ്.

110. റവന്യൂ ഓഫീസുകളെ സുതാര്യമായ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച ജീവനക്കാർ, കുറഞ്ഞ കാത്തിരിപ്പ് സമയം, കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റ് എന്നിവ മുഖേന ഒരു പൈലറ്റ് പദ്ധതി ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട 15 വില്ലേജുകളിൽ ആരംഭിക്കുമെന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

111. എന്റെ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ 'ഡിജിറ്റൽ സർവെ' ആരംഭിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം സംസ്ഥാനത്തെ സർവെ ഓഫീസുകളിലെ

എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുന്നതാണ്. എന്റെ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്തെ ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നതാണ്.

112. പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ സർക്കാർ, സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് രൂപീകരിച്ചു. സാമൂഹിക സന്നദ്ധസേനയുടെ കീഴിൽ 3.5 ലക്ഷം സന്നദ്ധസേവകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സന്നദ്ധ സേവകരെ വാതിൽപ്പടി സേവനത്തിനും മറ്റു പ്രവർത്തന ങ്ങൾക്കും നിയോഗിക്കുന്നതിനായി പ്രാദേശിക സർക്കാരു കളുടെ സഹകരണത്തോടെ ദുരന്തം അതിജീവിക്കുന്നതി നുള്ള പരിശീലനങ്ങൾ വകുപ്പ് നൽകിവരുന്നു.

113. രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നയിക്കപ്പെടുന്ന സംസ്ഥാന പോലീസ് സേനയെന്ന ഖ്യാതി കേരള പോലീസിനുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും ഇപ്പോൾ സി.സി.ടി.വി. നിരീക്ഷണ ത്തിൻകീഴിലാണ്. ഫേഷ്യൽ റെക്കഗ്നിഷൻ ഉള്ള ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകളും ലോക്ക്ഡ് ഹൗസ് മോണിറ്ററിങ്ങ് സംവിധാനത്തിനുള്ള പ്രത്യേക ആപ്പും നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 100 പുതിയ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനു മാത്രമായി ഒരു പ്രത്യേക സാമ്പത്തിക

കുറ്റകൃത്യ വിഭാഗം (Economic Offence Wing) സ്ഥാപിച്ചിട്ടുള്ളതാണ്.

114. തടവുകാരുടെ സംശുദ്ധീകരണവും സാന്മാർഗ്ഗീകരണവും പുനരധിവാസവും ഉറപ്പു വരുത്തുന്നതിൽ ശ്രദ്ധേയമായ പുരോഗതി പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും വകുപ്പ് കൈവരിച്ചിട്ടുള്ളതാണ്. സ്വാതന്ത്ര്യത്തിനുശേഷം സംസ്ഥാനത്ത് സ്ഥാപിച്ച ആദ്യത്തെ സെൻട്രൽ പ്രിസണായ തവനൂരിലെ സെൻട്രൽ പ്രിസണും കറക്ഷണൽ ഹോമും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

115. ഹൈറേഞ്ച് പ്രദേശങ്ങളിൽ ഫയർ ഔട്ട്പോസ്റ്റുകളും ഉയരം കൂടിയ പുതിയ കെട്ടിടങ്ങളിൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനവും നടപ്പിലാക്കുവാൻ അഗ്നിരക്ഷാ സേവന വകുപ്പ് ഉദ്ദേശിക്കുന്നു.

116. ഹൈക്കോടതിയിൽ 2022 ഒക്ടോബർ 1 മുതൽ ഇ-ഫയലിംഗ് സൗകര്യം ഘട്ടംഘട്ടമായി ആരംഭിച്ചിട്ടുണ്ട് എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കടലാസ് രഹിത കോടതികൾ നടപ്പിലാക്കുന്നതിനും മുഴുവൻ കോടതി നടപടികളും ഡിജിറ്റൈസ് ചെയ്യുന്നതിനും ഇത് ഒരു പടി മുന്നിലാണ്. ഹൈക്കോടതിയിൽ ഡാറ്റാ സെന്ററും ഡിസ്ട്രിക്റ്റ് ജുഡീഷ്യറികളിൽ മാതൃകാ ഡിജിറ്റൽ കോടതി മുറികളും പ്രവർത്തനക്ഷമമാക്കുന്നതാണ്. വിരലടയാളം അടിസ്ഥാനമാക്കിയിട്ടുള്ള ബയോമെട്രിക്/ ആർ.എഫ്.ഐ.ഡി. കാർഡ് പഞ്ചിംഗ് ഹാജർ

സംവിധാനവും കോടതികളിൽ ആരംഭിച്ചിട്ടുള്ളതാണ്. ബലാൽസംഗ കേസുകളും പോക്സോ ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളും വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി ഈ വർഷം 23 ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള താണ്.

117. ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് വിജിലൻസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. 'Zero Tolerance to Corruption' എന്ന സർക്കാർ നയത്തിന് അനുസൃതമായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ വിവിധ നൂതന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

118. ജനപ്രതിനിധികളും യുവതലമുറയും തമ്മിൽ ആരോഗ്യകരമായ ബന്ധം സ്ഥാപിക്കുന്നതിന് കുറഞ്ഞത് 70 നിയമസഭാ മണ്ഡലങ്ങളിലെങ്കിലും വിദ്യാർത്ഥി പ്രതിനിധികളും എം.എൽ.എ.മാരുമായും ചേർന്ന് ഒരു സംവാദം - സ്റ്റുഡന്റ്സ് സഭ പാർലമെന്ററികാര്യ വകുപ്പ് സംഘടിപ്പിക്കുന്നതാണ്. ഇന്ത്യയിലെ ആദ്യത്തെ ഭരണഘടനാ സാക്ഷരതാ ജില്ലയായി കൊല്ലം ജില്ല ഇത്തരത്തിൽ ആദ്യമായി മാറിയത് ഞാൻ സന്തോഷത്തോടെ സൂചിപ്പിക്കുന്നു.

119. എം.എൻ. ലക്ഷം വീട് പദ്ധതിയുടെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വേളയിൽ ഈ പദ്ധതിയുടെ കീഴിൽ പണികഴിപ്പിച്ചിട്ടുള്ള എല്ലാ ഇരട്ട

വീടുകളും ഒറ്റ വീടാക്കി മാറ്റുകയെന്ന ദൗത്യം ഭവനനിർമ്മാണ വകുപ്പ് ഏറ്റെടുക്കുന്നതാണ്. ഭവന നിർമ്മാണ മേഖലയിൽ നൂതന ആശയങ്ങൾ നൽകുന്നതിനായി ഇ-ഗൃഹ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ കൊണ്ടുവരുന്നതാണ്.

120. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേക്കും ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം (Aswas Rental Housing Scheme) വ്യാപിപ്പിക്കുന്നതാണ്. പൊതുജനങ്ങൾക്ക് സൗജന്യ സാങ്കേതിക ഉപദേശവും മാർഗനിർദ്ദേശവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

121. കഴിഞ്ഞ 25 വർഷമായി പ്രവാസി കേരളീയരെയും സർക്കാരിനെയും പരസ്പരം ബന്ധിപ്പിക്കുന്ന ഘടകമായി കേരളീയ പ്രവാസികാര്യ വകുപ്പ് പ്രവർത്തിച്ചു വരുന്നു. നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (NIFL) സമർത്ഥരായ തൊഴിലന്വേഷകർക്ക് ആവശ്യാനുസരണം ഭാഷാ പരിശീലനം നൽകി വരുന്നു; നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് ഡിവിഷൻ പ്ലേസ്മെന്റ് അസിസ്റ്റൻസും നൽകി വരുന്നു.

## X. കലയും സാംസ്കാരികവും, വിനോദസഞ്ചാരവും, കായികവും

122. മലയാളം മിഷന്റെ ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സിന് ഇ-ലേണിംഗ് വിഭാഗത്തിൽ ഈ വർഷത്തെ സംസ്ഥാന ഇ-ഗവേർണൻസ് അവാർഡ് ലഭിച്ചു. കണ്ണൂരിലെ പിണറായി ഗ്രാമത്തിൽ ഒരു സൗത്ത്

ഇന്ത്യൻ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

123. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഗവേഷണ കേന്ദ്രമായ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർക്കൈവ്സ് (CIFRA), വിദേശ സർവ്വകലാശാലകളിലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും നിന്നുമുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിന്റെ അതുല്യമായ കലയും സംസ്കാരവും മലയാള സിനിമയിലൂടെ പഠിക്കുന്നതിന് അവസരമൊരുക്കും.

124. നിലവിൽ `കൽപ്പിത സർവ്വകലാശാല` പദവിയിലുള്ള കേരള കലാമണ്ഡലത്തെ ഒരു സാംസ്കാരിക സർവ്വകലാശാല തലത്തിലേയ്ക്ക് ഉയർത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വാസ്തുവിദ്യ ഗുരുകുലം, ASAP-മായി ചേർന്ന് സംസ്ഥാനത്തുടനീളം മ്യൂറൽ പെയിന്റിംഗിൽ പരിശീലന പരിപാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

125. 14-ാം നൂറ്റാണ്ട് മുതൽ ഉള്ള കടലാസിലും പനയോലകളിലുമുള്ള പുരാരേഖകളുടെ ഒരു വൻശേഖരം സംസ്ഥാന പുരാരേഖ വകുപ്പിനുണ്ട്. കേരളത്തിന്റെ സമ്പന്നമായ ചരിത്രവും സംസ്കാരവും പ്രദർശിപ്പിക്കുന്ന പാം ലീഫ് മ്യൂസിയത്തിന്റെ ഒന്നാംഘട്ടം ഡിസംബറിൽ സെൻട്രൽ ആർക്കൈവ്സ് കെട്ടിടത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു.

126. കടന്നുപോയ വർഷം കേരളം കോവിഡിന് ശേഷമുള്ള ലോകവിനോദസഞ്ചാര ഭൂപടത്തിൽ ഇടം

പിടിക്കുന്നതാണ് കണ്ടത്. സർക്കാരിന്റെ മികച്ച ആസൂത്രണ പ്രവർത്തനത്തിന്റെ ഫലമായി കേരള ടൂറിസം ശക്തമായ തിരിച്ചുവരവ് നടത്തി. ആഭ്യന്തര വിനോദസഞ്ചാരികളുടെ ഒഴുക്കിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര മേഖല 2022-ലെ ആദ്യ മൂന്ന് ത്രൈമാസങ്ങളിലും എക്കാലത്തേയും ഉയർച്ച രേഖപ്പെടുത്തി. അന്താരാഷ്ട്രതലത്തിൽ കേരള ടൂറിസത്തിന്റെ മഹത്വം സ്ഥിരമായി അംഗീകരിക്കപ്പെടുന്നത് സംസ്ഥാനത്തിന് ആകമാനം വളരെ അഭിമാനമുള്ള കാര്യമാണ്. ഈ സർക്കാർ ആരംഭിച്ച കാരവാൻ ടൂറിസത്തെ പ്രത്യേകം പരാമർശിച്ചുകൊണ്ട് ടൈം മാഗസിൻ 2022-ൽ സഞ്ചരിച്ചിരിക്കേണ്ട 50 വിശേഷപ്പെട്ട സ്ഥലങ്ങളിൽ കേരളത്തെയും ഉൾപ്പെടുത്തി.

127. എന്റെ സർക്കാർ, വിനോദസഞ്ചാരത്തെ ഒരു വ്യവസായമായി പരിഗണിച്ച് വ്യവസായങ്ങൾക്ക് ലഭ്യമായ പരമാവധി ആനുകൂല്യങ്ങൾ/ഇളവുകൾ/സബ്സിഡികൾ നൽകി വിനോദസഞ്ചാര മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനു പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക പുരോഗതി സുഗമമാക്കുന്ന തിനുവേണ്ടി ഉത്തരവാദിത്ത വിനോദസഞ്ചാരം ഒരു ഉപാധിയായി വികസിപ്പിച്ചുകൊണ്ടിരിക്കയാണ്. അതനുസരിച്ച് റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

128. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ സഹായ ത്തോടെ കായിക യുവജനകാര്യ വകുപ്പ് ലോകകപ്പ്

ഫുട്ബോൾ മത്സരത്തിന്റെ അതേസമയത്ത് ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഫുട്ബോൾ പരിശീലനം നൽകികൊണ്ട് 2022 നവംബറിൽ 'വൺ മില്യൺ ഗോൾ ക്യാംപയിൻ' നടത്തി. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിയിൻകീഴിൽ എല്ലാ പഞ്ചായത്തു കളിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

129. എന്റെ സർക്കാർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സിന്റെ അടിസ്ഥാന സൗകര്യം നവീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും മുന്തിയ പരിഗണന നൽകുന്നുണ്ട്. പ്രാഗത്ഭ്യമുള്ള കായികതാരങ്ങളെ അന്താരാഷ്ട്ര മത്സരങ്ങളിൽ മത്സരിക്കുന്നതിന് സജ്ജരാക്കാൻ ശാസ്ത്രീയവും നൂതനവുമായ പരിശീലനം നൽകുന്നതിന് `എലൈറ്റ് സ്കീം` ആരംഭിച്ചിട്ടുണ്ട്. വിമൺസ് ഫുട്ബോൾ അക്കാദമി എറണാകുളത്ത് സ്ഥാപിച്ചിട്ടുണ്ട്.

**ഉപസംഹാരം**

130. പല മേഖലകളിലും മുൻനിരയിലുള്ള കേരളം പുതിയ വെല്ലുവിളികളെയും അഭിമുഖികരിക്കുന്നു. എന്നാൽ കേരളത്തിന് മുന്നിൽ നിരവധി അവസരങ്ങളുമുണ്ട്. ആയത് ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി എന്റെ സർക്കാർ നേതൃപരവും സഹായകരവുമായ നിലയിൽ പ്രവർത്തിക്കു ന്നുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ഉന്നത

വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. സമാനതകളില്ലാത്ത വിധത്തിലുള്ള ആരോഗ്യ പ്രതിസന്ധികളും, പ്രകൃതിക്ഷോഭങ്ങളും ഒടുവിൽ മഹാമാരിയും നേരിട്ട കഠിനമായ പാത കേരളത്തിന് തരണം ചെയ്യേണ്ടിവന്നു. ഈ ദുഷ്കരമായ സാഹചര്യങ്ങളെ ജനപങ്കാളിത്തത്തോടെ നേരിടുക എന്നതാണ് എന്റെ സർക്കാരിന്റെ സമീപനം. ഇത് പരക്കെ പ്രശംസിക്ക പ്പെട്ടിട്ടുണ്ട്. നമ്മുടെ യുവതലമുറയ്ക്ക് നല്ല നിലവാരമുള്ള തൊഴിൽ നൽകുക എന്ന ദൗത്യമാണ് നാം ഇപ്പോൾ നേരിടുന്നത്. എന്റെ സർക്കാർ ഇതിനായി എല്ലാ പരിശ്രമങ്ങളും നടത്തുന്നുണ്ട്. എന്റെ സർക്കാർ സാമൂഹ്യക്ഷേമം നൽകുന്നതിനും ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചയും അടിസ്ഥാന സൗകര്യ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിജ്ഞാ ബദ്ധമാണ്. ഇതിനായി അർത്ഥവത്തായ സഹകരണ ഫെഡറലിസം പരിപോഷിപ്പിക്കുന്ന ഒരു അനുകൂല സമീപനം കേന്ദ്ര സർക്കാരിൽ നിന്നും നമുക്ക് ആവശ്യമാണ്. മുന്നോട്ടുള്ള യാത്രയിൽ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പൗരസമൂഹത്തെ ഉൾപ്പെടുത്തി സാധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളും.

**ജയ്ഹിന്ദ്**